## മധുരമായ കുട്ടികളേ - പഠിപ്പ് തന്നെയാണ് സമ്പാദ്യം, പഠിപ്പ് സമ്പാദ്യത്തിന്റെ ഉറവിടമാണ്, ഈ പഠിപ്പിലൂടെത്തന്നെയാണ് നിങ്ങൾക്ക് 21 ജന്മത്തേയ്ക്കുളള ഖജനാക്കൾ ശേഖരിക്കേണ്ടത്.

**ചോദ്യം :-** ബൃഹസ്പതി ദശയുള്ള കുട്ടികളുടെ അടയാളങ്ങൾ എന്തെല്ലാമാണ് കാണപ്പെടുക?
**ഉത്തരം :-** അവരുടെ പൂർണ്ണ ശ്രദ്ധ ശ്രീമതത്തിലായിരിക്കും. പഠിപ്പ് നല്ല രീതിയിൽ പഠിക്കുന്നു. ഒരിക്കലും തോറ്റുപോകുകയില്ല. ശ്രീമതം ലംഘിക്കുന്നവർ തന്നെയാണ് പഠിപ്പിൽ തോറ്റുപോകുന്നത്, അവരുടെ മേൽ തന്നെയാണ് രാഹുവിന്റെ ദശയും ഉണ്ടാകുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് വൃക്ഷപതിയായ ബാബയിലൂടെ ബൃഹസ്പതിയുടെ ദശ ഉണ്ടാകുന്നു.

***ഗീതം:-*** ഈ പാപത്തിന്റെ ലോകത്തുനിന്ന്....

**ഓം ശാന്തി.** ഇത് പാപാത്മാക്കളുടെ വിളിയാണ്. നിങ്ങൾക്ക് വിളിക്കേണ്ട ആവശ്യമില്ല കാരണം നിങ്ങൾ പാവനമായിക്കൊണ്ടിരിക്കുന്നു. ഇത് ധാരണ ചെയ്യേണ്ട കാര്യമാണ്. വളരെ ഉയർന്ന ഖജനാക്കളാണ് നമുക്ക് ലഭിക്കുന്നത്. വിദ്യാലയത്തിലുള്ള പഠിപ്പിനേയും ഖജനാവ് എന്ന് പറയുന്നു. ശരീര നിർവാഹണാർത്ഥത്തിനു വേണ്ടിയും പഠിപ്പിലൂടെയാണ് സമ്പാദിക്കുന്നത്. ഭഗവാനാണ് പഠിപ്പിക്കുന്നത് എന്ന് കുട്ടികൾക്കറിയാം. ഇത് വളരെ ഉയർന്ന പഠിപ്പാണ്. ഇത് വളരെ ഉയർന്ന സമ്പാദ്യവുമാണ്. കാരണം ലക്ഷ്യം തൊട്ടു മുന്നിൽ തന്നെയുണ്ട്. സത്യം സത്യമായ സത്സംഗം ഇത് ഒന്നു മാത്രമാണ്. ബാക്കി എല്ലാം അസത്യമായ സംഗമാണ്. നിങ്ങൾക്കറിയാം മുഴുവൻ കൽപ്പത്തിലും ഒരു പ്രാവശ്യം മാത്രമാണ് ഈ സത്സംഗം ഉണ്ടാകുന്നത്. പതിതപാവനാ വരൂ എന്നു പറഞ്ഞ് വിളിക്കുന്നുണ്ട്. അവർ വിളിച്ചുകൊണ്ടിരിക്കുന്നു, ഇപ്പോൾ ഇവിടെ ബാബ നിങ്ങളുടെ മുന്നിൽ ഇരിക്കുന്നു. നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ പുതിയ ലോകത്തിനായുള്ള പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്, അവിടെ ദുഖത്തിന്റെ പേരോ അടയാളമോ ഉണ്ടാകില്ല. സ്വർഗ്ഗത്തിൽ നിങ്ങൾക്ക് സദാ സുഖം ലഭിക്കും. നരകത്തിൽ ആർക്കും സുഖം ലഭിക്കുന്നില്ല. ഇത് വിഷയ സാഗരമാണ്, കലിയുഗമാണ്. എല്ലാവരും ദുഃഖികളാണ്. ഭ്രഷ്ടാചാരത്തിലൂടെ ജന്മമെടുക്കുന്നതുകൊണ്ടാണ് ആത്മാക്കൾ വിളിച്ചുകൊണ്ടിരിക്കുന്നത്- ബാബാ നമ്മൾ പതിതമായിരിക്കുന്നു. പാവനമാകുന്നതിനു വേണ്ടി ഗംഗയിൽ പോയി സ്നാനം ചെയ്യുന്നു. ശരി, സ്നാനം ചെയ്തുവെങ്കിൽ പാവനാമാകേണ്ടതല്ലേ. പിന്നീട് എന്തിനാണ് ഇടക്കിടെ ബുദ്ധിമുട്ട് അനുഭവിക്കുന്നത്? ബുദ്ധിമുട്ടുകൾ അനുഭവിച്ച് ഏണിപ്പടി താഴേക്ക് ഇറങ്ങി പാപാത്മാവായിത്തീരുന്നു. 84 ജന്മത്തിന്റെ രഹസ്യവും നിങ്ങൾ കുട്ടികൾക്ക് ബാബയിലൂടെയാണ് മനസ്സിലായത്. അന്യധർമ്മത്തിലുള്ളവർ 84 ജന്മങ്ങൾ എടുക്കുന്നില്ല. ഈ 84 ജന്മത്തിന്റെ ചിത്രം (ഏണിപ്പടി) വളരെ നന്നായി ഉണ്ടാക്കിയിട്ടുണ്ട്. ഗീതയിൽ കൽപ്പ വൃക്ഷത്തിന്റേയും ചിത്രമുണ്ട്. എന്നാൽ എപ്പോഴാണ് ഭഗവാൻ വന്ന് ഗീത കേൾപ്പിച്ചത്, വന്ന് എന്താണ് ചെയ്തത്, ഇതൊന്നും തന്നെ അറിയില്ല. അന്യധർമ്മത്തിലുള്ളവർക്ക് തന്റെ ശാസ്ത്രത്തെക്കുറിച്ച് അറിയാം, ഭാരതവാസികൾക്ക് ഒന്നും തന്നെ അറിയില്ല. ബാബ പറയുന്നു ഞാൻ സംഗമയുഗത്തിലാണ് സ്വർഗ്ഗത്തെ സ്ഥാപിക്കാനായി വരുന്നത്. ഇത് ഡ്രാമയിൽ ഒരിക്കലും മാറുകയില്ല. എന്തെല്ലാമാണോ ഡ്രാമയിൽ അടങ്ങിയിട്ടുള്ളത് അതെല്ലാം വീണ്ടും ആവർത്തിക്കുക തന്നെ വേണം. അല്ലാതെ അതിനൊരിക്കലും മാറ്റം സംഭവിക്കുന്നില്ല. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഡ്രാമയുടെ ചക്രത്തെക്കുറിച്ചുള്ള രഹസ്യം മുഴുവനായും ഉണ്ട്. ഈ ഡ്രാമയുടെ 84 ജന്മങ്ങളുടെ ചക്രത്തിൽ നിന്നും നിങ്ങൾക്ക് ഒരിക്കലും മുക്തമാവാൻ സാധിക്കില്ല അതായത് ഈ ലോകം ഒരിക്കലും പൂർണ്ണമായും നശിക്കുന്നില്ല. വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കും. ഈ 84 ജന്മങ്ങളുടെ ചക്രത്തെക്കുറിച്ച് അറിയുന്നത് വളരെ ആവശ്യമാണ്. ത്രിമൂർത്തിയുടെയും സൃഷ്ടിചക്രത്തിന്റെയും ചിത്രം മുഖ്യമാണ്. സൃഷ്ടിചക്രത്തിന്റെ ചിത്രത്തിൽ വളരെ വ്യക്തമായി കാണിച്ചിട്ടുണ്ട് - ഓരോ യുഗത്തിന്റേയും കാലയളവ് 1250 വർഷമാണെന്ന്. ഈ ചിത്രം അന്ധന്മാർക്കു മുന്നിലെ കണ്ണാടി പോലെയാണ്. 84 ജന്മത്തെക്കുറിച്ചറിയാനുള്ള കണ്ണാടി. ബാബ നിങ്ങൾ കുട്ടികളുടെ ദശയെക്കുറിച്ച് വർണ്ണിക്കുന്നു. ബാബ നിങ്ങൾക്ക് പരിധിയില്ലാത്ത ദശയെക്കുറിച്ച് പറഞ്ഞു തരുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ മേൽ അവിനാശീ ദശയാണ് ഇരിക്കുന്നത്. പിന്നീട് പഠിപ്പിലാണ് മുഴുവൻ ആധാരം. ചിലർക്ക് ബൃഹസ്പതിയുടെ ദശ, ചിലർക്ക് ശുക്രന്റെ, ചിലരിൽ രാഹുവിന്റെ ദശ. തോറ്റുപോയി എങ്കിൽ രാഹുവിന്റെ ദശയാണ് എന്ന് പറയാറുണ്ട്. ഇവിടെയും അങ്ങനെത്തന്നെയാണ്. ശ്രീമതം അനുസരിക്കുന്നില്ലായെങ്കിൽ രാഹുവിന്റെ അവിനാശീ ദശ ഉണ്ടാകുന്നു.

ബൃഹസ്പതിയുടെയും അവിനാശീ ദശയുണ്ട്, പിന്നീട് രാഹുവിന്റെ ദശയും ഉണ്ടാകുന്നു. കുട്ടികൾക്ക് പഠിപ്പിന്മേൽ പൂർണ്ണ ശ്രദ്ധ നൽകണം. ഇതിൽ ഒരിക്കലും ഒഴിവുകഴിവ് പറയരുത്. സെന്റർ ദൂരെയാണ്, ഇതാണ്.... കാൽനടയായി 6 മണിക്കൂർ എടുക്കുമെങ്കിലും എത്തിച്ചേരണം. മനുഷ്യർ യാത്രകൾക്ക് പോകാറുണ്ട്. എത്ര ബുദ്ധിമുട്ടാണ് അനുഭവിക്കുന്നത്. മുമ്പ് ഒരുപാട് പേർ കാൽനടയാത്ര ചെയ്തിരുന്നു. കാളവണ്ടിയിലും പോയിരുന്നു. ഇവിടെ പട്ടണമാണ്. ബാബയുടെ എത്ര വലിയ സർവ്വകലാശാലയാണ് ഇത്, ഇതിലൂടെ നിങ്ങൾ ലക്ഷ്മീ-നാരായണനായി മാറുന്നു. ഇത്രയ്ക്കും ഉയർന്ന പഠിപ്പിനു വേണ്ടി ദൂരെയാണ്, അവസരമില്ല എന്നൊക്കെ ആരെങ്കിലും പറയുമോ. ഇതിന് ബാബ എന്താണ് പറയുക? അതിനർത്ഥം ആ കുട്ടിക്ക് യോഗ്യതയില്ല. ബാബ ഉയർത്താൻ വേണ്ടി വരുമ്പോൾ ഇങ്ങനെ പറയുന്നവർ അവനവന്റെ തന്നെ സത്യനാശം ചെയ്യുന്നു.

ശ്രീമത്ത് പറയുന്നു- പവിത്രമായി മാറൂ, ദൈവീക ഗുണങ്ങൾ ധാരണ ചെയ്യൂ. ഒരുമിച്ചു കഴിഞ്ഞുകൊണ്ടും വികാരത്തിലേക്ക് പോകരുത്. ജ്ഞാനയോഗത്തിന്റെ വാൾ ഇടയ്ക്ക് വയ്ക്കണം, നമുക്ക് പവിത്ര ലോകത്തിന്റെ അധികാരിയായി മാറണം. ഇപ്പോൾ പതിതലോകത്തിലെ അധികാരിയാണ്. ദേവതകൾ ആദ്യം ഡബിൾ കിരീടധാരികളായിരുന്നു. പിന്നീട് അരക്കൽപ്പത്തിനു ശേഷം പ്രകാശ കിരീടം ഇല്ലാതാകുന്നു. ഈ സമയം ആരിലും പ്രകാശ കിരീടം ഇല്ല. കേവലം ധർമ്മസ്ഥാപകരിൽ ഉണ്ടായിരിക്കാം കാരണം അവർ പവിത്ര ആത്മാക്കൾ ആദ്യമായി ഒരു ശരീരത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. ഈ ഭാരതത്തിൽ തന്നെയാണ് ഡബിൾ കിരീടധാരികളും സിംഗിൾ(ഒന്ന്) കിരീടധാരികളും ഉണ്ടായിരുന്നത്. ഇപ്പോഴും ഡബിൾ കിരീടധാരികൾക്കു മുന്നിൽ ഒറ്റ കിരീടമുള്ളവർ ചെന്ന് തലകുനിക്കുന്നു. കാരണം അവർ പവിത്രമായ മഹാരാജാ-റാണിയാണ്. മഹാരാജാക്കന്മാർ രാജാക്കന്മാരെക്കാളും വലുതാണ്, അവർ വലിയ വലിയ ജന്മിമാർ ആയിരിക്കും. രാജസഭയിൽ ഇരിക്കുകയാണെങ്കിലും മഹാരാജാക്കന്മാർ മുന്നിലും രാജാക്കന്മാർ നമ്പർവൈസ് ആയി പിറകിലും ഇരിക്കുന്നു. നിയമമനുസരിച്ചാണ് രാജസഭ കൂടുന്നത്. ഇവിടെ ഈശ്വരീയ സഭയാണ്. ഇതിനെ ഇന്ദ്രസഭ എന്നും പറയപ്പെടുന്നു. നിങ്ങൾ ജ്ഞാനത്തിലൂടെ മാലാഖമാരായി മാറുന്നു. സൗന്ദര്യമുള്ളവരെയാണ് മാലാഖ എന്നു പറയുന്നത്. കൃഷ്ണന്റെയും രാധയുടെയും സ്വാഭാവികമായ സൗന്ദര്യമാണ്, അതുകൊണ്ടാണ് അവരെ സൗന്ദര്യമുള്ളവർ എന്നു പറയുന്നത്. പിന്നീട് എപ്പോഴാണോ അവർ കാമചിതയിൽ ഇരിക്കുന്നത് അപ്പോൾ അവരും ഭിന്ന-ഭിന്ന നാമരൂപത്തിൽ ജന്മമെടുത്ത് കറുത്തതായി മാറുന്നു. ശാസ്ത്രങ്ങളിലൊന്നും ഈ കാര്യങ്ങൾ ഇല്ല. ജ്ഞാനം ഭക്തി വൈരാഗ്യം. ഇതിൽ ജ്ഞാനമാണ് ഏറ്റവും ഉയർന്നത്. ഇപ്പോൾ നിങ്ങൾ ജ്ഞാനം പ്രാപ്തമാക്കിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് ഭക്തിയോടാണ് വൈരാഗ്യമുള്ളത്. ഈ മുഴുവൻ തമോപ്രധാന ലോകവും ഇപ്പോൾ നശിക്കാൻ പോകുന്നു, അതുകൊണ്ടാണ് അതിനോട് വൈരാഗ്യമുള്ളത്. എപ്പോഴാണോ പുതിയ കെട്ടിടം നിർമ്മിക്കുന്നത് അപ്പോൾ പഴയതിനോട് സ്വതവെ വൈരാഗ്യം ഉണ്ടാകുന്നു. അവിടെ പരിധിയുള്ള കാര്യവും ഇവിടെ പരിധിയില്ലാത്ത കാര്യവുമാണ്. ഇപ്പോൾ നിങ്ങളുടെ ബുദ്ധി പുതിയ ലോകത്തിന്റെ വശത്താണ്, പഴയ ലോകം നരകമാണ്, സത്യ-ത്രേതായുഗത്തെ ശിവാലയം എന്നു പറയുന്നു. ശിവബാബയാൽ സ്ഥാപിക്കപ്പെട്ടതല്ലേ. ഇപ്പോൾ ഈ വേശ്യാലയത്തോട് നിങ്ങൾക്ക് വെറുപ്പ് ഉണ്ടാകണം. പലർക്കും വെറുപ്പ് വരുന്നില്ല. പലരും വിവാഹമാകുന്ന നശിപ്പിക്കുന്ന ഗട്ടറിലേക്ക് വീഴാൻ ആഗ്രഹിക്കുന്നു. മനുഷ്യർ എല്ലാവരും വിഷയവൈതരണീ നദിയിൽ, അഴുക്കിൽ അകപ്പെട്ടിരിക്കുകയാണ്. പരസ്പരം ദുഖം നൽകുന്നു. ഇങ്ങനെ പറയാറുണ്ട് അമൃത് ഉപേക്ഷിച്ച് വിഷത്തിന് പിറകേ പോയി. എന്തെല്ലമാണോ പറയുന്നത് അതിന്റെ അർത്ഥം മനസ്സിലാക്കുന്നില്ല. നിങ്ങൾ കുട്ടികളിലും നമ്പർവൈസാണ്. വിവേകശാലികയായ ടീച്ചർക്ക് വിദ്യാർത്ഥികളെ കാണുമ്പോൾ തന്നെ മനസ്സിലാക്കാൻ സാധിക്കും ഇവരുടെ ബുദ്ധി എവിടെയെല്ലാമാണ് അലഞ്ഞുകൊണ്ടിരിക്കുന്നത്, ക്ലാസ്സിന്റെ സമയത്ത് ആരെങ്കിലും കോട്ടുവായ ഇടുകയോ ഉറക്കം തൂങ്ങുകയോ ചെയ്യുകയാണെങ്കിൽ മനസ്സിലാക്കാൻ സാധിക്കും ഇവരുടെ ബുദ്ധി വീട്ടുകാര്യങ്ങളിലും ജോലിയിലും അലഞ്ഞുകൊണ്ടിരിക്കുന്നു. കോട്ടുവായ ഇടുന്നത് ക്ഷീണത്തിന്റെ അടയാളമാണ്. ജോലിസമയത്ത് സമ്പാദിച്ചുകൊണ്ടിരിക്കുമ്പോൾ രാത്രി 1-2 മണി വരെയും ഉണർന്നിരിക്കുന്നു, ആ സമയത്ത് ഒരിക്കലും കോട്ടുവായ വരുന്നില്ല. ഇവിടെ ബാബ എത്ര ഖജനാക്കളാണ് നൽകുന്നത്. കോട്ടുവായ ഇടുക എന്നത് നഷ്ടത്തിന്റെ അടയാളമാണ്. പാപ്പരാകുന്നവർ ഉറക്കം തൂങ്ങുകയും കോട്ടുവായ ഇടുകയും ചെയ്യുന്നു. നിങ്ങൾക്കാണെങ്കിൽ ഖജനാക്കൾ ലഭിച്ചുകൊണ്ടേയിരിക്കുന്നു. അപ്പോൾ എത്ര അറ്റൻഷൻ നൽകേണ്ടതുണ്ട്. പഠിക്കുന്ന സമയത്ത് കോട്ടുവായ ഇടുകയാണെങ്കിൽ വിവേകശാലികളായ ടീച്ചർക്ക് മനസ്സിലാക്കാൻ സാധിക്കും ഇവരുടെ ബുദ്ധിയോഗം പുറമേ മറ്റുള്ള സ്ഥലത്ത് അലഞ്ഞുകൊണ്ടിരിക്കുന്നു. ഇവിടെ ഇരുന്നുകൊണ്ടും വീടിനെ ഓർമ്മ വരുന്നു, കുട്ടികളെ ഓർമ്മ വരുന്നു. ഇവിടെ നിങ്ങൾക്ക് ഭട്ടിയിൽ ഇരിക്കണം, മറ്റാരെയും തന്നെ ഓർമ്മ വരരുത്. 6 ദിവസത്തെ ഭട്ടിയിലിരുന്ന ശേഷം, അവസാനം മറ്റാരുടെയെങ്കിലും ഓർമ്മ വന്നു, കത്തെഴുതിയെങ്കിൽ അവർ തോറ്റുപോയി. പിന്നീട് ആദ്യം മുതൽ ഏഴു ദിവസത്തെ ഭട്ടി ആരംഭിക്കാൻ പറയും. ഏഴ്

ദിവസത്തെ ഭ്ട്ടിയിലിരിക്കുന്നത് എല്ലാ അസുഖങ്ങളിൽ നിന്നും മുക്തമാകാനാണ്. നിങ്ങൾ അരക്കല്പത്തെ മഹാരോഗികളാണ്. ഇരിക്കെ തന്നെ ദുർമരണങ്ങൾ സംഭവിക്കുന്നു. സത്യയുഗത്തിൽ ഇങ്ങനെ ഒരിക്കലും ഉണ്ടാകുന്നില്ല. ഇവിടെ എന്തെങ്കിലും അസുഖങ്ങൾ സംഭവിച്ചുകൊണ്ടേയിരിക്കുന്നു. മരണസമയത്ത് ഏതെങ്കിലും അസുഖത്തിൽ പെട്ട് നിലവിളിച്ചു കൊണ്ടേയിരിക്കുന്നു. സ്വർഗ്ഗത്തിൽ അൽപം പോലും ദുഃഖം ഉണ്ടായിരിക്കുകയില്ല. അവിടെ സമയമാകുമ്പോൾ മനസ്സിലാക്കുന്നു- ഇപ്പോൾ സമയം പൂർത്തിയായി, നമുക്ക് ഈ ശരീരം ഉപേക്ഷിച്ച് ചെറിയൊരു കുട്ടിയായി മാറണം. ഇവിടേയും നിങ്ങൾക്ക് അവസാന സമയത്ത് പദവിയുടെ സാക്ഷാത്കാരം ലഭിക്കുന്നു. അങ്ങനെ ധാരാളം പേർക്ക് സാക്ഷാത്കാരം ഉണ്ടായിട്ടുണ്ട്. ജ്ഞാനത്തിലൂടെ അറിയാൻ സാധിക്കുന്നു നമ്മൾ യാചകരിൽ നിന്നും രാജകുമാരനായിത്തീരുകയാണ്. നമ്മുടെ ലക്ഷ്യം തന്നെ രാധാ-കൃഷ്ണനായിത്തീരുക എന്നതാണ്. ലക്ഷ്മീ-നാരായണൻ എന്നല്ല കൃഷ്ണൻ-രാധയ്ക്കു സമാനമായാണ് മാറേണ്ടത്. കാരണം മുഴുവൻ 5000 വർഷത്തിന്റെയും ചക്രത്തിലേക്ക് ഇവരാണ് വരുന്നത്. ലക്ഷ്മീ നാരായണൻ ആകാനായി വീണ്ടും 20 -25 വർഷം എടുക്കുന്നു. അതുകൊണ്ട് കൃഷ്ണന്റെ മഹിമയാണ് കൂടുതൽ ഉള്ളത്. ഇതാർക്കും തന്നെ അറിയില്ല കൃഷ്ണനും രാധയുമാണ് ലക്ഷ്മീ-നാരായണനായി മാറുന്നതെന്ന്. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നു, ഇത് പഠിപ്പാണ് ഓരോ ഗ്രാമങ്ങളിലും സെന്റർ തുറക്കണം. നിങ്ങളുടേത് സർവ്വകലാശാലയും ആശുപത്രിയുമാണ്. ഇതിൽ കേവലം മൂന്നടി മണ്ണേ ആവശ്യമുള്ളൂ. അത്ഭുതമല്ലേ. ആരുടെ ഭാഗ്യത്തിൽ ഉണ്ടോ അവർ തന്റെ വീട്ടിൽ തന്നെ സത്സംഗം ആരംഭിക്കുന്നു. ഇവിടെ ആരെല്ലാമാണോ ധനവാന്മാർ അവരുടെ പൈസയെല്ലാം തന്നെ മണ്ണോടുമണ്ണായിത്തീരുന്നു. നിങ്ങൾ ഭാവിയിലെ 21 ജന്മത്തേയ്ക്കു വേണ്ടി ബബയിൽ നിന്നും സമ്പത്ത് നേടുകയാണ്. ബാബ പറയുന്നു- ഈ പഴയലോകത്തെ കണ്ടുകൊണ്ടും ബുദ്ധിയോഗം അവിടേയ്ക്ക് വയ്ക്കൂ(ശാന്തിധാമം), കർമ്മം ചെയ്തുകൊണ്ടും ഈ അഭ്യാസം വേണം. ഓരോ കാര്യവും അഭ്യസിച്ച് നോക്കണം. നിങ്ങൾ ഇപ്പോൾ അഭ്യസിച്ചുകൊണ്ടിരിക്കുകയാണ്. ബാബ പറയുന്നു എപ്പോഴും ശുദ്ധമായ കർമ്മം ചെയ്തുകൊണ്ടിരിക്കൂ, അശുദ്ധമായ ഒരു കർമ്മവും ചെയ്യരുത്. എന്തെങ്കിലും അസുഖമുണ്ടെങ്കിൽ സർജൻ ഉണ്ട്, സർജനിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിക്കൂ. ഓരോരുത്തർക്കും അവരുടേതായ അസുഖമുണ്ട്. സർജനിൽ നിന്നും നല്ല നിർദ്ദേശങ്ങൾ ലഭിക്കും. ബാബയോട് ചോദിക്കണം ഈ അവസ്ഥയിൽ എന്താണ് ചെയ്യേണ്ടത്. വികർമ്മങ്ങളൊന്നും തന്നെ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.
ഇങ്ങനെയൊരു ചൊല്ലുണ്ട് ഏതുപോലെ അന്നം അതുപോലെ മനം. മാംസം വാങ്ങിക്കുന്നവർ, വിൽക്കുന്നവർ, കഴിപ്പിക്കുന്നവർ ഇവരിലെല്ലാം തന്നെ പാപം ഉണ്ടാകുന്നു. പതിതപാവനനായ ബാബയിൽ നിന്നും ഏതൊരു കാര്യവും ഒളിക്കരുത്. സർജനിൽ നിന്നും ഒളിപ്പിച്ചു വയ്ക്കുകയാണെങ്കിൽ ഒരിക്കലും അസുഖത്തിൽ നിന്നും മുക്തമാവുകയില്ല. ബാബ പരിധിയില്ലാത്ത അവിനാശീ സർജനാണ്. എന്നാൽ ഈ കാര്യങ്ങളെക്കുറിച്ച് ലോകത്തിലുള്ളവർക്ക് അറിയില്ല. നിങ്ങൾ കുട്ടികൾക്കും ഇപ്പോഴാണ് ജ്ഞാനം ലഭിക്കുന്നത്, എന്നാൽ യോഗത്തിൽ വളരെ പിറകിലാണ്. ചിലർ ഒട്ടും ഓർമ്മിക്കുന്നില്ല. പെട്ടന്നു തന്നെ ഓർമ്മ നിലനിൽക്കുകയില്ല എന്നുള്ളത് ബാബയ്ക്കറിയാം. എല്ലാവരും നമ്പർ വൈസാണ്, എപ്പോഴാണോ ഓർമ്മയുടെ യാത്ര പൂർത്തിയാകുന്നത്, അപ്പോഴാണ് കർമ്മാതീത അവസ്ഥ ഉണ്ടാകുന്നത്, അപ്പോൾ യുദ്ധവും പൂർണ്ണമാകും, അതുവരെയും എന്തെങ്കിലുമെല്ലാം സംഭവിച്ചു കൊണ്ടിരിക്കും. അവസാന എല്ലാം സമാപ്തമാകുന്നു. യുദ്ധം എപ്പോൾ വേണമെങ്കിലും ആരംഭിക്കാം. എന്നാൽ വിവേകം പറയുന്നു ഏതുവരെ രാജധാനിയുടെ സ്ഥാപന ഉണ്ടാകുന്നില്ലയോ അതുവരെയും വലിയ യുദ്ധങ്ങളൊന്നും ഉണ്ടാവുകയില്ല. ചെറുത്-ചെറുത് ആരംഭിച്ച് അപ്പോൾ തന്നെ അവസാനിക്കുന്നു. എന്നാൽ രാജധാനിയുടെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ് എന്നുള്ളത് ആർക്കും തന്നെ അറിയില്ല. സതോപ്രധാനം, സതോ, രജോ, തമോ ബുദ്ധിയല്ലേ. നിങ്ങൾ കുട്ടികളിലും ആർക്കാണോ സതോപ്രധാന ബുദ്ധിയുള്ളത് അവർ നല്ല രീതിയിൽ ഓർമ്മിക്കുന്നു. ലക്ഷക്കണക്കിനു ബ്രാഹ്മണാത്മാക്കൾ ഉണ്ടാകുന്നു. പക്ഷെ അതിലും ഒന്നാനമ്മയുടെ കുട്ടികളും രണ്ടാനമ്മയുടെ കുട്ടികളും ഉണ്ട്. ഒന്നാനമ്മയുടെ മക്കൾ നല്ല രീതിയിൽ സേവനം ചെയ്യുന്നു. മാതാപിതാക്കളുടെ മതമനുസരിച്ച് മുന്നേറുന്നു. രണ്ടാനമ്മയുടെ കുട്ടികൾ രാവണന്റെ മതം പാലിക്കുന്നു. ചിലർ കുറച്ച് രാവണന്റെയും കുറച്ച് രാമന്റെയും മതമനുസരിച്ച് മുടന്തനായി നടക്കുന്നു. കുട്ടികൾ പാട്ട് കേട്ടില്ലേ. പറയുന്നു- ബാബാ, സുഖശാന്തി നിറഞ്ഞ ലോകത്തേക്ക് ഞങ്ങളെ കൊണ്ടുപോകൂ. സ്വർഗ്ഗത്തിൽ സുഖം മാത്രമേ ഉള്ളൂ. ദുഃഖത്തിന്റെ പേരോ അടയാളമോ ഇല്ല. സത്യയുഗത്തെയാണ് സ്വർഗ്ഗമെന്ന് പറയുന്നത്. ഇപ്പോൾ കലിയുഗമാണ്. ഇവിടെ എങ്ങനെ സ്വർഗ്ഗം വരാനാണ്. നിങ്ങളുടെ ബുദ്ധി ഇപ്പോൾ സ്വച്ഛമായി മാറുകയാണ്. സ്വച്ഛബുദ്ധിയുള്ളവരെ മ്ലേച്ഛബുദ്ധിയുള്ളവർ നമിക്കുന്നു. പവിത്രമായിരിക്കുന്നവർക്കാണ് ബഹുമാനം നൽകുക. സന്യാസിമാർ പവിത്രരായിരിക്കുന്നതു കൊണ്ട് ഗൃഹസ്ഥികൾ അവരെപ്പോയി നമിക്കുന്നു, അവരുടെ മുന്നിൽ തലകുനിക്കുന്നു. സന്യാസിമാർ വികാരത്തിലൂടെ ജന്മമെടുത്ത്, പിന്നീടാണ് സന്യാസമാർഗ്ഗം

സ്വീകരിക്കുന്നത്. ദേവതകളെ സമ്പൂർണ്ണ നിർവികാരികൾ എന്നു പറയുന്നു. സന്യാസിമാരെ ഒരിക്കലും സമ്പൂർണ്ണ നിർവികാരി എന്നു പറയാൻ സാധിക്കില്ല. അപ്പോൾ നിങ്ങൾ കുട്ടികളുടെ ഉള്ളിൽ വളരെയധികം സന്തോഷത്തിന്റെ രസം ഉയരണം. അതുകൊണ്ടാണ് പറയുന്നത് അതീന്ദ്രിയസുഖത്തെക്കുറിച്ച് ചോദിക്കണമെങ്കിൽ ഗോപ-ഗോപികമാരോട് ചോദിക്കൂ എന്ന്. ആരാണോ ബാബയിൽ നിന്നും സമ്പത്ത് നേടിക്കൊണ്ടിരിക്കുന്നത്, പഠിച്ചു കൊണ്ടിരിക്കുന്നത്. ഇവിടെ സന്മുഖത്തു നിന്നു കേട്ടുകൊണ്ടിരിക്കുമ്പോൾ ലഹരി വർദ്ധിക്കുന്നു, ചിലരുടെ ലഹരി നിലനിൽക്കുന്നു, ചിലരുടെ അപ്പോൾ തന്നെ ഇല്ലാതാകുന്നു. സംഘദോഷം കാരണം ലഹരി സ്ഥിരമായി നിൽക്കില്ല. നിങ്ങളുടെ സെന്ററുകളിലും ഇങ്ങനെയുള്ള ധാരാളം പേർ വരുന്നുണ്ട്. കുറച്ചു ലഹരി വർദ്ധിക്കുമ്പോഴേക്കും പാർട്ടികളിലെല്ലാം പങ്കെടുത്ത് മദ്യം, ബീഡി ഇവയെല്ലാം ഉപയോഗിക്കുന്നതോടെ ആത്മീയലഹരി നശിച്ചു പോകുന്നു. സംഘദോഷം വളരെ മോശമാണ്. ഹംസത്തിനും കൊറ്റികൾക്കും ഒരുമിച്ചിരിക്കാൻ സാധ്യമല്ല. പതി ഹംസമാണ് എങ്കിൽ പത്നി കൊറ്റിയായിരിക്കും. ചില സ്ഥലങ്ങളിൽ പത്നി ഹംസമാണെങ്കിൽ പതി കൊറ്റിയായിരിക്കും. പവിത്രമായി ജീവിക്കണം എന്നു പറയുമ്പോൾ അവരിൽ നിന്നും അടികൊള്ളേണ്ടതായി വരും. ചില ചില വീടുകളിൽ ആദ്യം എല്ലാവരും ഹംസങ്ങളായിരിക്കും പിന്നീട് മുന്നോട്ടു പോകവേ ഹംസത്തിനു പകരം കൊറ്റിയായി ജീവിക്കാൻ തുടങ്ങും. ബാബ പറയുന്നു അവനവനെ സുഖദായിയാക്കി മാറ്റൂ. കുട്ടികളേയും സുഖദായിയാക്കി മാറ്റണം. ഇത് ദുഃഖധാമമാണ്. ഇനിയും ധാരാളം ആപത്തുകൾ വരാനുണ്ട്. അപ്പോൾ കണ്ടോളൂ എല്ലാവരും അയ്യോ-അയ്യോ എന്ന് നിലവിളിക്കുന്നത്. അപ്പോൾ എല്ലാവരും ചിന്തിക്കും ഭഗവാൻ വന്നിട്ടും ഞങ്ങൾ ഭഗവാനിൽ നിന്നുമുള്ള സമ്പത്ത് നേടിയില്ലല്ലോ, അപ്പോഴേക്കും ടൂ ലേറ്റ് (വളരെ വൈകി) എന്ന ബോർഡും വയ്ക്കുന്നു. ബാബ സ്വർഗ്ഗത്തിന്റെ ചക്രവർത്തീ പദവി നൽകാനാണ് വരുന്നത്. അത് നഷ്ടപ്പെട്ടു പോകുന്നു. അതുകൊണ്ടാണ് ബാബ പറയുന്നത് ഉറച്ചു നിൽക്കുന്നവരെ മാത്രം ബാബയെ കാണിക്കാനായി കൊണ്ടു വരൂ. അവർക്ക് സ്വയം മനസ്സിലാക്കി മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കണം. അല്ലാതെ, ബാബ വെറുതെ ഒന്നു കാണാനുള്ള ഒരു വസ്തുവല്ലല്ലോ. ശിവബാബയെ എങ്ങനെ കാണാൻ സാധിക്കാനാണ്? അവനവന്റെ ആത്മാവിനെ കാണാൻ സാധിക്കുമോ? കേവലം അറിയാനല്ലേ സാധിക്കൂ. അതുപോലെ പരമാത്മാവിനെയും അറിയുവാൻ സാധിക്കണം. ദിവ്യദൃഷ്ടി കൂടാതെ ഒരിക്കലും ആത്മാ പരമാത്മാവിനെ കാണുവാൻ കഴിയില്ല. ദിവ്യദൃഷ്ടിയിലൂടെയാണ് നിങ്ങൾ ഇപ്പോൾ സത്യയുഗത്തെ കാണുന്നത്. പിന്നീട് പ്രാക്ടിക്കലിൽ കാണുന്നു. എപ്പോഴാണോ നമ്മൾ കർമ്മതീത അവസ്ഥ പ്രാപിക്കുന്നത്, അപ്പോൾ കലിയുഗീ വിനാശം സംഭവിക്കുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെക്കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഈ പഴയ ലോകത്തെ കണ്ടുകൊണ്ടും ബുദ്ധിയോഗത്തെ ബാബയിലേക്കും പുതിയ ലോകത്തിലേക്കും വയ്ക്കണം. കർമ്മേന്ദ്രിയങ്ങളിൽ നിന്നും വികർമ്മങ്ങളൊന്നും ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. എപ്പോഴും ശുദ്ധമായ കർമ്മങ്ങൾ ചെയ്യണം. ഉള്ളിൽ എന്തെങ്കിലും അസുഖമുണ്ടെങ്കിൽ സർജനിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിക്കണം.

2) സംഘദോഷം വളരെ മോശമാണ്, ഇതിൽ നിന്നും സ്വയത്തെ വളരെയധികം സംരക്ഷിക്കണം. അവനവനെയും പരിവാരത്തെയും സുഖദായിയാക്കി മാറ്റണം. പഠിപ്പിൽ ഒരിക്കലും ഒഴിവു കഴിവ് കാണിക്കരുത്.

## വരദാനം : ശ്രേഷ്ഠ ഭാവനയുടെ ആധാരത്തിലൂടെ സർവ്വർക്കും ശാന്തിയുടെയും ശക്തിയുടെയും കിരണങ്ങൾ നൽകുന്നവരായ വിശ്വ കല്യാണക്കാരിയായി ഭവിക്കട്ടെ.

ഏതുപോലെയാണോ ബാബയുടെ സങ്കല്പത്തിൽ അഥവാ വാക്കുകളിൽ നയനങ്ങളിൽ സദാ മംഗളത്തിന്റെ ഭാവനയുള്ളത് അതുപോലെ താങ്കൾ കുട്ടികളുടെ സങ്കല്പത്തിലും വിശ്വമംഗളത്തിന്റെ ഭാവനയും ആഗ്രഹവും നിറഞ്ഞിരിക്കണം. ഏതൊരു കാര്യം ചെയ്യുമ്പോഴും വിശ്വത്തിലെ സർവ്വാത്മാക്കളും എമർജ്ജാക

ണം. മാസ്റ്റർ ജ്ഞാന സൂര്യനായി മാറി ശുഭഭാവനയുടെയും ശ്രേഷ്ഠ കാമനയുടെയും ആധാരത്തിൽ ശാന്തിയുടെയും ശക്തിയുടെ കിരണങ്ങൾ നൽകിക്കൊണ്ടിരിക്കൂ അപ്പോൾ പറയാം വിശ്വകല്യാണക്കാരി. എന്നാൽ ഇതിനുവേണ്ടി സർവ്വ ബന്ധനങ്ങളിൽ നിന്നും മുക്തവും സ്വതന്ത്രരുമായി മാറൂ.

## സ്ലോഗൻ : ഞാൻ എന്റെ എന്ന ഭാവം ഇത് ദേഹ അഭിമാനത്തിന്റെ വാതിലുകളാണ്, ഇപ്പോൾ ഈ വാതിലുകളെ അടയ്ക്കൂ.

**അവ്യക്തസൂചന : സത്യതയുടെയും സഭ്യതയുടെയും സംസ്കാരത്തെ സ്വന്തമാക്കൂ.**
സത്യതയുടെ തിരിച്ചറിവാണ് സങ്കല്പം, വാക്ക്, കർമ്മം, സംബന്ധ–സമ്പർക്കം എല്ലാറ്റിലും ദിവ്യതയുടെ അനുഭൂതി ഉണ്ടാകും. ചിലർ പറയാറുണ്ട് ഞാൻ സദാ സത്യമേ പറയൂ എന്നാൽ വാക്ക് അഥവാ കർമ്മത്തിൽ ദിവ്യതയില്ലെങ്കിൽ മറ്റുള്ളവർക്ക് താങ്കളുടെ സത്യത സത്യതയായി തോന്നില്ല, അതിനാൽ സത്യതയുടെ ശക്തിയിലൂടെ ദിവ്യതയെ ധാരണ ചെയ്യൂ. എന്തുതന്നെ സഹിച്ചാലും പരിഭ്രാന്തരാകരുത്. സത്യം സമയമനുസരിച്ച് സ്വയം തെളിയും.